KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

06-02-2010

# എച്ച്ഐവി പ്രതിരോധം: റെഡ് റിബൺ എക്സ്പ്രസ് ഫെബ്രുവരി 23 ന് കാസർഗോഡ് എത്തും

കാസർഗോഡ്: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായി ഫെബ്രുവരി 23ന് കാസർഗോഡ് എത്തുന്ന റിബൺ എക്സ്പ്രസിനെ വിപുലമായ രീതിയിൽ വരവേൽക്കുന്നതിനും പരമാവധി ജനങ്ങളെ റെഡ് റിബൺ എക്സ്പ്രസ് കാണുന്നതിനായി എത്തിക്കുന്നതിനുമുള്ള പരിപാടികൾക്കു രൂപം നൽകി. ഡപ്യൂട്ടി കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല സംഘാടകസമിതി യോഗമാണ് കാസർഗോട്ടെ പരിപാടികൾക്ക് രൂപം നൽകിയത്.

23ന് കാസർഗോഡ് എത്തുന്ന ട്രെയിൻ രണ്ടു ദിവസം ജില്ലയിൽ തങ്ങും. ജില്ലയിലെ നാലു ബ്ലോക്കുകളിലായി 12 സ്ഥലങ്ങളിൽ റെഡ് റിബൺ എക്സ്പ്രസിലെ രണ്ടു ലൈഫ് ബസുകൾ പര്യടനം നടത്തും. ബസിലെ കലാസംഘങ്ങൾ ദിവസം മൂന്നു കേന്ദ്രങ്ങളിൽ എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അറിവു പകരുന്ന പരിപാടികൾ നടത്തും. കലാപ രിപാടികൾ, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയവ ഇതിന്റെ ഭാഗമായി ഉണ്ടാകും.

പത്തു കോച്ചുകളുള്ള ട്രെയിനാണ് റെഡ് റിബൺ എക്സ്പ്രസ്. എച്ച്ഐവി, എയ്ഡ്സിനെ സംബന്ധിച്ച വിദ്യാഭ്യാസ ഉപാധികളുടെ പ്രദർശനം, പൊതുജനങ്ങളുമായി സംവദിക്കുന്ന ടച്ച് സ്ക്രീനുകൾ, ത്രിമാന മാതൃകകൾ. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങളെ പറ്റിയുള്ള പ്രദർശനം, വിദ്യാഭ്യാസ ഉപാധികളുടെ പ്രദർശനം. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണം ഒരു സാമൂഹിക വിഷയമെന്ന നിലയിൽ മറ്റുള്ള വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ പ്രതിപാദിക്കു ന്ന പ്രദർശനം. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ പ്രദർശനം, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, സ്വയംസഹായ സംഘം പ്രവർത്തകർ, യുവാക്കൾ, സ്ത്രീകൾ തുടങ്ങിയവരുടെ സംഘങ്ങൾക്ക് പരിശീലന സംവിധാനം, ഡോക്ടർമാരും കൗൺസലർമാരും ഉൾപ്പെട്ട കൗൺസലിംഗ്- മെഡിക്കൽ സേവനങ്ങൾക്കുള്ള സംവിധാനം എന്നിവ ട്രെയിനിൽ ഉണ്ടാകും. പ്ലാറ്റ്ഫോമിൽ സജ്ജീകരിക്കുന്ന ജ്യോതിസ് കേന്ദ്രത്തിൽ ആവശ്യക്കാർക്ക് എച്ച്ഐവി പരിശോധന നടത്തുന്നതിനുള്ള സംവിധാ നവും ഏർപ്പെടുത്തും. ട്രെയിനിലെ ഒരു കോച്ചിൽ പൊതുആരോഗ്യം, ശുചിത്വം, പകർച്ചവ്യാധി കൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കും. ആരോഗ്യകേരളത്തിന്റെ ചുമതലയി ലായിരിക്കും ഈ പ്രവർത്തനങ്ങൾ നടക്കുക.

ഡെപ്യൂട്ടി കളക്ടർ(തെരഞ്ഞെടുപ്പ്) പി.മാലിംഗൻ, ജില്ലാ ലെപ്രസി ഓഫീസർ ഡോ.ഗോപിനാ ഥ്, ഗ്രാമവികസന വകുപ്പ് ഓഫീസർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സുരക്ഷ പദ്ധതികളുടെ പ്രോജക്ട് ഡയറക്ടർ, പ്രത്യാശ കോ ഓർഡിനേറ്റർ, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസം, നെഹ്റുയുവകേന്ദ്ര, ആരോഗ്യകേരളം, വിവിധ സ്കൂൾ, കോളേജ് പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

കാസർഗോഡ്, കണ്ണൂർ, തിരൂർ, പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം സൗത്ത്, കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലാണ് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശവു മായി ട്രെയിൻ എത്തുന്നത്. മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**